ടുകൾ നമ്മുടെ മത്സ്യസമ്പത്തിനെ ഗണ്യമായി പോഷിപ്പിക്കുമെന്നും കരുതാം.

പാകിസ്ഥാനിലെയെന്നപോലെ ഇന്ത്യയിലെയും ശാസ്ത്രജ്ഞന്മാരുടെയും പ്രകൃതിപ്രേമികളുടെയും വനംവകുപ്പുകാരുടെയും ശ്രദ്ധ കണ്ടൽക്കാടുകളിലേക്ക് തിരിഞ്ഞാൽക്കൊള്ളാം.

9 ഒക്ടോബർ, 1983

# 86. വെററില

'വെററില' എന്ന വാക്കിനു് 'വെളുത്ത ഇല' എന്നേ അർത്ഥമുള്ളൂ. വെററിലയുടെ വർഗത്തിൽ ഏറ്റെക്കുറെ വെളുത്ത ഇനങ്ങളുമുണ്ടു്. എന്നാൽ, എല്ലാ വെററിലയും വെളുത്തതല്ല. പച്ചയാണു്—ഇളംപച്ച മുതൽ കടുംപച്ചവരെ—വെററിലയുടെ സാധാരണ നിറം.

വെററിലയ്ക്കു സംസ്കൃതത്തിലുള്ള പേർ 'താംബൂലം' എന്നാണു്. ഹിന്ദുക്കളുടെ മതചടങ്ങുകളിൽ വെററിലയ്ക്കു സവിശേഷമായ സ്ഥാനമുണ്ടു്. ക്ഷേത്രങ്ങളിൽ വിസ്തരിച്ച പൂജ നടത്തുമ്പോൾ ദേവനു് വെററില നിവേദ്യം അർപ്പിക്കുക പതിവാണു്. ദേവിയെ 'താംബൂലപൂരിതമുഖീ' എന്നു ലളിതാസഹസ്രനാമകർത്താവു സ്തുതിക്കുന്നു. ഗാർഹികകർമങ്ങളിൽ, ദക്ഷിണയുടെ ഒരു ഘടകമാണു് വെററില; മറെറാരു ഘടകമാണു് അടയ്ക്ക. ദക്ഷിണ കൊടുക്കുമ്പോൾ 'ഹിരണ്യം' എന്നു പറഞ്ഞു പണവും 'താംബൂലം' എന്നു പറഞ്ഞു് വെററിലയും 'ക്രമുകം' എന്നു പറഞ്ഞു് അടയ്ക്കയും കൊടുക്കുന്നു. 'താംബൂലം' എന്ന വാക്കു കർമാംഗമെങ്കിലും മൗലികമായി സംസ്കൃതത്തിലുള്ളതല്ലത്രേ. ഏതോ പോളിനേഷ്യൻ ഭാഷയിലുള്ള ഒരു വാക്കു് സംസ്കൃതത്തിലേക്കു കടംകൊണ്ടതാണപോലും അതു്. മലയയിൽനിന്നോ മററോ ആണു് വെററില ഇന്ത്യയിലെത്തിയതെന്നു കരുതപ്പെടുന്നു. ഇതു ശരിയെങ്കിൽ, ചരിത്രാതീതകാലത്തുതന്നെ വെററില ഇന്ത്യയിലെത്തി, ഇവിടത്തെ സാമൂഹ്യജീവിതത്തിന്റെ ഭാഗമായിക്കഴിഞ്ഞിരിക്കണം. മഹാകവി കാളിദാസൻ 'താംബൂലം' എന്ന വാക്കു് ഉപയോഗിച്ചിട്ടുണ്ടു്. മലയപർവതത്തിന്റെ ചെരിവുകളിൽ, കമുകുകളിൽ വെററിലക്കൊടി പടർന്നുകയറിക്കാണാമെന്നു് ആ മഹാകവി പറയുന്നു. (താംബൂലവല്ലീ പരിണദ്ധപൂഗാസ്യ....മലയസ്ഥലീഷു) വെററിലക്കൊടിക്കു സംസ്കൃതത്തിലുള്ള മറെറാരു പേർ 'നാഗവല്ലി' എന്നാണു്. പക്ഷേ, ആ പേരിനു പ്രസിദ്ധി കുറയും.

സംസ്കൃതത്തിലെ 'ക്രമുകം' മലയാളത്തിൽ 'കമുകു്' (കവുങ്ങു്) ആയതാവണം. മറിച്ചു കരുതുന്നവരുമുണ്ടു്. ക്രമുകത്തിനു സംസ്കൃതത്തിലുള്ള പര്യായമാണു് 'പൂഗം.' ഇതുതന്നെയാണോ നമ്മുടെ പാക്കു്? പറയാൻ വയ്യ. വാക്കുകളുടെ സാരൂപ്യത്തെപ്പററിയുള്ള ചർച്ചകൾ, വിശ്വാസ്യങ്ങളായ തെളിവുകളുടെ അഭാവത്തിൽ, ഒരിടത്തും നമ്മെ എത്തിക്കുകയില്ല.

വെററിലയിൽ ചുണ്ണാമ്പു തേച്ചു് അടയ്ക്കയും ചേർത്തു ചവച്ചു് അരച്ചു തിന്നുന്നതാണു് 'മുറുക്കൽ' അല്ലെങ്കിൽ 'മുറുക്കു്.' ഓർമ ചെന്നെത്തുന്നതിന്നപ്പുറത്തുള്ള കാലം മുതൽ 'മുറുക്കൽ' ഇന്ത്യയിൽ ലളിതമായ ഒരു സുഖഭോഗമായി നിലനിന്നിരുന്നു. വിശപ്പു ശമിപ്പിക്കുകയായിരുന്നില്ല വെററില (വെററ) തിന്നുന്നതിന്റെ ലക്ഷ്യം; മറിച്ചു്, മുഖാലങ്കരണമാ

യിരുന്നു. വായയ്ക്കു വാസനയും ചുണ്ടുകൾക്കും നാവിനും ചുവപ്പും നൽകുന്ന മുറുക്ക് മുഖാലങ്കരണത്തിനു സ്ത്രീകളും പുരുഷന്മാരും ഒരുപോലെ ഉപയോഗപ്പെടുത്തിപ്പോന്നു. ചെലവുകുറഞ്ഞതെങ്കിലും അഭിജാതമായ അതിഥിസൽക്കാരമാർഗവുമായിരുന്നു മുറുക്കൽ. അതിഥികൾക്കു മുറുക്കാൻ കൊടുക്കാതെ വിവാഹമോ പിറന്നാളോ ശ്രാദ്ധമോ മറ്റേതെങ്കിലും അടിയന്തരമോ ഇന്ത്യയിൽ നടക്കാറില്ല. വിവാഹനിശ്ചയത്തിൽ വെറ്റില കൈമാറൽ ഒരു മുഖ്യ ചടങ്ങാണ്. വിവാഹനിശ്ചയത്തിന്റെ മറ്റൊരു പേരാണ് 'നിശ്ചയതാംബൂലം.' മാനിക്കേണ്ടവരെ മാനിക്കുന്നതിന് മഹാരാജാക്കന്മാർപോലും വെറ്റില ഉപയോഗപ്പെടുത്തിവന്നു. കാന്യകുബ്ജരാജാവു തനിക്കു 'രണ്ടു വെറ്റില' (താംബൂലദ്വയം) ഒരു വിശേഷബഹുമതിയായി തന്നിരുന്നുവെന്ന് സംസ്കൃതത്തിൽ 'നൈഷധീയചരിതം' എന്ന മഹാകാവ്യം രചിച്ച ശ്രീഹർഷൻ സാഭിമാനം രേഖപ്പെടുത്തിയിട്ടുണ്ട്. ശത്രുക്കളെ സംഹരിച്ചു തിരിച്ചുവരുന്ന യുദ്ധവീരന്മാർക്കു സമ്മാനമായും വെറ്റില നൽകപ്പെട്ടിരുന്നു എന്ന് 'സൗന്ദര്യലഹരി'യിലെ ഒരു പദ്യത്തിൽനിന്നു മനസ്സിലാക്കാം. പ്രയാസമേറിയ ഏതെങ്കിലും ഉത്തരവാദിത്തം ഏറ്റെടുക്കുന്ന ആൾ, താൻ അങ്ങനെ ചെയ്യുന്നു എന്നു കാണിക്കാൻ, ഒരു വെറ്റിലച്ചുരുൾ (ബീഡ) എടുക്കാറുണ്ട്. 'ബീഡാ ഉഠാനാ' എന്നാൽ, ഹിന്ദിയിൽ ഉത്തരവാദിത്തം ഏറ്റെടുക്കുക എന്നാണർത്ഥം.

പോർത്തുഗീസുകാർ അമേരിക്കയിൽനിന്നു പുകയില കൊണ്ടുവന്ന് ഇന്ത്യയിൽ പ്രചരിപ്പിച്ചപ്പോൾ, തീക്ഷ്ണവും അസുഖകരവുമായ ഗന്ധവും രുചിയുമുള്ള ആ ഇലയും മുറുക്കാന്റെ ഘടകമായിത്തീർന്നു. കന്യകമാർക്കു മുന്നും കൂട്ടി മുറുക്കാനേ പാടുള്ളു. പക്ഷേ, ഗൃഹനായികമാർക്കും പുരുഷന്മാർക്കും നാലും കൂട്ടി മുറുക്കാമെന്ന നിലവന്നു. 'ജാപ്പാണം' പുകയിലയായിരുന്നു പണ്ടൊക്കെ കേരളത്തിലെ മുറുക്കുകാർക്കു പ്രിയം. ഉത്തരേന്ത്യയിൽ 'ജർദാ' എന്ന പുകയിലപ്പൊടി മുറുക്കാൻ ഉപയോഗിച്ചുവരുന്നു. കാശിയിലെ മുറുക്കാൻ (ബനാർസീപാൻ) ലോകപ്രസിദ്ധി നേടിയതാണ്. ഉത്തരേന്ത്യയിൽ മദ്ധ്യയുഗത്തിൽ നൃത്തവും സംഗീതവും വളർന്നുവന്നതും നിലനിന്നതും വേശ്യമാരുടെ (തവായഫ്) ഗൃഹങ്ങളിലായിരുന്നു. വേശ്യാഗൃഹങ്ങളിൽത്തന്നെയാണ് 'മുറുക്കാൻ' പരിണമിച്ചു പരിഷ്കൃതരൂപം പ്രാപിച്ചതും. 'ബനാർസീപാനിൽ' വെറ്റിലയ്ക്കും അടയ്ക്കയ്ക്കും പുറമെ, കർപ്പൂരം, ഏലത്തരി, കരാമ്പൂ, ജാതിക്ക, ജാതിപത്രി, മുതലായ സുഗന്ധദ്രവ്യങ്ങളും അവയിൽനിന്നെടുക്കുന്ന വാസനത്തൈലങ്ങളും, നേർമയിൽ അടിച്ചു പരത്തിയ വെള്ളി—സ്വർണത്തകിടുകളും, മറ്റും, ഉപയോഗിച്ചു കണ്ടിട്ടുണ്ട്. സാമഗ്രികളുടെ സമൃദ്ധിയനുസരിച്ചു 'പാനി'ന്റെ വിലയും വർദ്ധിക്കുമെന്നു പറയേണ്ടതില്ലല്ലോ.

വെറ്റില മുറുക്കുന്ന കാര്യത്തിൽ മതഭേദമില്ല. ഹിന്ദുക്കളെപ്പോലെ ക്രിസ്ത്യാനികളും മുസ്ലീങ്ങളും മുറുക്കിൽ രസിക്കുന്നവരാണ്. സന്ന്യാസിമാർക്കു മുറുക്കൽ നിഷിദ്ധമാണെന്നത്രേ വെപ്പ്. ഗൃഹസ്ഥന്മാർക്ക് അതൊരാവശ്യമായും കണക്കാക്കപ്പെട്ടുവന്നു. ഹിന്ദുസ്ത്രീകളുടെ തിരുവാതിരവ്രതത്തിന്റെ ഒരു ഘടകമാണ് നൂറ്റെട്ടു വെറ്റിലതിന്നൽ.

ഇന്ത്യയിൽനിന്ന് പാകിസ്ഥാൻ വേർപെട്ടപ്പോഴും പാകിസ്ഥാനിലെ മുസ്ലീങ്ങൾ മുറുക്ക് ഉപേക്ഷിച്ചില്ല. കറാച്ചിയിലേക്ക് ഇന്ത്യയിൽനിന്നു വിമാനത്തിൽ വെറ്റില കയറ്റി അയച്ചിരുന്നു. തിരൂർ വെറ്റിലയ്ക്ക് പാകിസ്ഥാനിൽ വലിയ പ്രിയമായിരുന്നുവത്രേ. പരുപരുത്ത്, ഏറെ തടിച്ച തിരൂർ വെറ്റില നമുക്കു വിരസമെങ്കിലും ദീർഘയാത്രയിലെ ക്ലേശങ്ങൾ സഹിക്കാൻ കഴിവുള്ളതായിരുന്നു. ഇന്ന് കേരളത്തിലെ

വെററില പാകിസ്ഥാനിലെ സുന്ദരികൾക്കു മുഖ്യ സൗരഭ്യവും അധരലാവണ്യവും നൽകുന്നുണ്ടോ, എന്തോ!

ഏററവും നല്ല അടയ്ക്കയായി കരുതപ്പെട്ടിരുന്നതു് ദക്ഷിണ കർണാടകത്തിലെ കാസർകോട് ഭാഗത്തെ അടയ്ക്കയാണ്. ബ്രാഹ്മണരായിരുന്നു ഇവിടത്തെ പേരുകേട്ട അടയ്ക്കാക്കൃഷിക്കാർ. ഇവിടത്തെ പഴുക്കടയ്ക്ക ഉണക്കി നുറുക്കി ചീവലാക്കിയും പൊടിച്ചും ഉപയോഗിക്കുന്നു പച്ചടയ്ക്ക(പഞ്ഞ) വേവിച്ച് അതിന്റെതന്നെ ചാറു് (കളി)പുരട്ടി ഉണക്കി നിർമ്മിക്കുന്ന 'കളിയടയ്ക്ക'യും വിശേഷപ്പെട്ട ഒരു മുറുക്കുപകരണംതന്നെ. കുന്നംകുളം കളിയടയ്ക്ക പ്രസിദ്ധമാണ്. വെററില കൂടാതെ അടയ്ക്കമാത്രം തിന്നുന്നവരുമുണ്ടു്. ഒരു ലക്ഷത്തെഴുപതിനായിരം ടൺ അടയ്ക്ക ഇപ്പോൾ ആണ്ടുതോറും ഇന്ത്യയിൽ ഉൽപ്പാദിപ്പിക്കുന്നുണ്ടത്രേ. വെററിലയുൽപ്പാദനത്തിന്റെ കണക്കു് ആരും പറഞ്ഞുകേട്ടിട്ടില്ല.

ഇന്ത്യക്കാർ പോയിടത്തൊക്കെ മുറുക്കലും കൂടെപ്പോയി. തെക്കെ ആഫ്രിക്കയിലെ തോട്ടങ്ങളിൽ കഴിഞ്ഞ നൂററാണ്ടിൽ കൂലിക്കാരായി എത്തിയ ഇന്ത്യക്കാർ വെററിലക്കൊടിയും കവുങ്ങും ആ ഭൂഖണ്ഡത്തിൽ നട്ടുപിടിപ്പിച്ചു. വളരെ സൂക്ഷ്മതയോടെ ചെയ്യേണ്ട ഒന്നാണ് വെററിലക്കൃഷി. ദിവസേന ശ്രദ്ധിക്കണം. സമയത്തു നനയ്ക്കണം. വളരെയൊന്നും വെയിൽ തട്ടരുതു്. (ബിഹാറിൽ വെററിലത്തോട്ടത്തിനു മീതെ മേല്പുര കെട്ടിക്കണ്ടിട്ടുണ്ടു്.) ആണ്ടിൽ ഒരിക്കലെങ്കിലും കൊടി വലിച്ചുതാഴ്ത്തി മണ്ണിലിട്ടു മൂടി പുതിയ തലപ്പുകൾ ഉണ്ടാക്കുകയും വേണം.

ആധുനികപരിഷ്കാരം വെററിലമുറുക്കലിന്നെതിരാണ്. ഉമിനീർ തുപ്പാതെ മുറുക്കാൻ വയ്യല്ലോ. തോന്നിയേടത്തൊക്കെ തുപ്പുന്നതു വൃത്തികേടാണ്. ആരോഗ്യത്തിനു ഹാനികരവുമാണ്. ചില രാജ്യങ്ങളിൽ പൊതുസ്ഥലങ്ങളിൽ തുപ്പുന്നവർക്കു കഠിനശിക്ഷ നൽകാൻ നിയമമുണ്ടു്. മുറുക്കി, വായ കോളാമ്പിയാക്കി നടക്കുന്നതു കാണാൻ ചേലുള്ള ഏർപ്പാടല്ല. അതിനാൽ പരിഷ്കാരികൾ മുറുക്കു വിട്ടു പുകവലിയിലേക്കു കടന്നു. പരിഷ്കാരിണികൾ അവരെ പിന്തുടർന്നും വരുന്നു.

മുറുക്കുകാരുടെ എണ്ണം കുറയുന്ന തോതിന് വെററില—അടയ്ക്ക—കൃഷിക്കാരുടെയും എണ്ണം കുറയാതെ വയ്യ. തെക്കേ ആഫ്രിക്കയിൽ ഇപ്പോൾ പന്ത്രണ്ടു് ഇന്ത്യാക്കാർമാത്രമേ വെററിലക്കൃഷിചെയ്യുന്നുള്ളുവത്രേ. നാററാൽ സംസ്ഥാനത്തിൽ പാർക്കുന്നവരാണ് ഇവരെല്ലാം. ഈ വെററിലക്കൃഷിക്കാരിൽ ഒരാളായ ബോബിനായരെപ്പററി ഒരു വാർത്ത മാർച്ച് 25-ാം തീയതി ഡർബൻ പട്ടണത്തിൽനിന്നു് പ്രസ്സ് ട്രസ്റ്റ് ഓഫ് ഇന്ത്യ അയച്ചിരുന്നു.(നായർ സർവീസ് സൊസൈററി ശ്രദ്ധിക്കുക!) ബോബിനായർക്കു് അമ്പത്തിരണ്ടു വയസ്സായി. ബോബിനായരുടെ മുത്തുമുത്തച്ഛൻ ഇന്ത്യയിൽനിന്നു് തെക്കേ ആഫ്രിക്കയിലെത്തിയപ്പോൾ, വെററിലക്കൊടിയുംകൂടെ കൊണ്ടുപോയിരുന്നു. ഈ പൂർവികൻ ആരംഭിച്ച വെററിലക്കൃഷി, അദ്ദേഹത്തിന്റെ പ്രപൗത്രൻ തുടർന്നു നടത്തിവരുന്നു. തെക്കേ ആഫ്രിക്കയിൽ ഇന്ത്യാക്കാരുള്ള കാലത്തോളം വെററിലക്കൃഷി തുടർന്നു നടത്താൻ തനിക്കു കഴിയുമെന്നാണ് ബോബിനായരുടെ വിശ്വാസം. 'നമ്മുടെ സംസ്കാരത്തിന്റെ ചില വശങ്ങൾ നാം തുടർന്നും നിലനിർത്തിയേ മതിയാവൂ. വെററിലക്കൃഷി നമ്മുടെ സംസ്കാരത്തിന്റെ ഒരു ഭാഗമാണെന്നു ഞാൻ കരുതുന്നു' എന്നു് ബോബിനായർ പ്രസ്ട്രസ്റ്റ് പ്രതിനിധിയോടു പറഞ്ഞുവത്രേ.

മുറുക്കുനിമിത്തം വായിൽ ക്യാൻസർ ഉണ്ടാവാൻ സാധ്യതയുണ്ടെന്നാണ് ഡോക്ടർമാർ പറയുന്നതു്. വായിൽ ക്യാൻസർരോഗമുള്ളവർ കേരളത്തിൽ താരതമ്യേന കൂടുതലായി കാണപ്പെടുന്നതിനു് മുറുക്കു് ഒരു

കാരണമാണെന്നു കരുതപ്പെടുന്നു. പുകയിലയ്ക്കു പുറമെ ചുണ്ണാമ്പും ക്യാൻസർ ഉണ്ടാക്കുമത്രേ. പക്ഷേ, പുകവലിമൂലം ശ്വാസകോശത്തിൽ ക്യാൻസർ ഉണ്ടാകാനുള്ള സാധ്യത നിസ്സന്ദേഹമായി തെളിയിക്കപ്പെട്ടിട്ടും, സിഗരറ്റിന്റെ നിർമ്മാണവും ഉപഭോഗവും നാൾതോറും വർദ്ധിച്ചുവരുന്നതേ ഉള്ളു. കണ്ടേടത്തൊക്കെ തുപ്പി വൃത്തികേടാക്കുകയില്ലെങ്കിൽ, ആളുകൾ മുറുക്കുന്നതാണ് പുകവലിക്കുന്നതിനേക്കാൾ ഭേദം. പുകയില കൂടാതെ മൂന്നുംകൂട്ടി മുറുക്കുന്നതു തീർച്ചയായും പ്രോത്സാഹിപ്പിക്കപ്പെടേണ്ടതുമാണ്. ഇന്ത്യൻപൗരത്വം സ്വീകരിച്ച പ്രശസ്ത ബ്രിട്ടീഷ്ശാസ്ത്രജ്ഞനായ ജെ. ബി. എസ്. ഹാൾഡേൻ മുറുക്കാറുണ്ടായിരുന്നു.

'കോപ്പിണങ്ങിയ മുറുക്കുനിമിത്തം ചോപ്പിരട്ടിയെഴും' അധരോഷ്ഠം, പ്രത്യേകിച്ചും അതു സ്ഥിതിചെയ്യുന്നതു സൗന്ദര്യമുള്ള ഒരു മുഖത്തിലാണെങ്കിൽ, കാണാൻ എന്തു ഭംഗിയാണ്. 'തളിർവെറ്റിലയും പഴക്കയും ചുണ്ണാമ്പും ചേർന്ന് വായയ്ക്കു നൽകുന്ന സൗമ്യമായ പരിമളം ഇഷ്ടപ്പെടാത്തവർ ഉണ്ടാവില്ല.

ദക്ഷിണാഫ്രിക്കയിലെ നാറ്റാലിൽ ബോബിനായരുടെ വെറ്റിലക്കൃഷിക്ക് നാം വിജയം നേരുക!

24 ഏപ്രിൽ 1983

## 87. മരങ്ങളെ രക്ഷിക്കാൻ ആത്മാഹുതി

'ഹിമാലയത്തിന് ഒരു സംരക്ഷകൻ' എന്ന തലക്കെട്ടിൽ 1982 ജനുവരിയിൽ എഴുതിയ ഒരു ലേഖനത്തിൽ ഞാൻ ഇങ്ങനെ പ്രസ്താവിച്ചിരുന്നു:

'അനിയന്ത്രിതമായ വനവിധ്വംസനത്തിനെതിരെ ഹിമാലയസാനുക്കളിലെ ഗ്രാമീണരെ, പ്രത്യേകിച്ച് സ്ത്രീകളെ, സംഘടിപ്പിക്കുന്നതിനു നേതൃത്വംവഹിച്ചതു് സുന്ദർലാൽ ബഹുഗുണ എന്ന ഗാന്ധിശിഷ്യനാണ്. ബഹുഗുണയും അനുയായികളുംചേർന്ന് ആസൂത്രണംചെയ്ത 'ചിപ്കോ' സമരം വനസംരക്ഷണത്തിന്റെ പ്രാധാന്യം പൊതുജനദൃഷ്ടിയിൽ കൊണ്ടുവരുന്നതിനെങ്കിലും ഉപകരിച്ചിട്ടുണ്ട്. 'ചിപ്കോ' എന്ന വാക്കിന് 'ഒട്ടിപ്പിടിക്കുക' എന്ന് അർത്ഥം. സർക്കാർ നൽകിയ ലൈസൻസുമായി കൺട്രാക്ടർമാർ മരംവെട്ടാൻ വരുമ്പോൾ സ്ത്രീകൾ മരങ്ങളെ ചുറ്റി, അവയോട് ഒട്ടിനില്ക്കുന്നു. അതിനാൽ കൺട്രാക്ടർമാർക്ക് തങ്ങളുടെ വിധ്വംസനകർമ്മം നടത്താൻ കഴിയാതെപോവുന്നു.'

'ചിപ്കോ' പ്രസ്ഥാനത്തിനു നമ്മുടെ കാലഘട്ടത്തിൽ പുനരുത്ഥാനം നല്കിയതു് സുന്ദർലാൽ ബഹുഗുണയാണെങ്കിലും, ആ പ്രസ്ഥാനത്തിന്റെ ആവിഷ്കർത്താവ് അദ്ദേഹമല്ല. രാജസ്ഥാനിലുള്ള 'ബിഷ്ണോയി'കൾ എന്ന മതവിഭാഗക്കാർ ക്രിസ്തുവഷം 1604–ാമാണ്ടു മുതൽക്കെങ്കിലും മരംവെട്ടുന്നതിനെ ചെറുത്തുപോന്നിട്ടുണ്ട്. മരങ്ങളെ സംരക്ഷിക്കുന്നതിനുവേണ്ടി ബിഷ്ണോയികൾ നടത്തിയ ഏറ്റവും വലിയ അഹിംസാത്മകസമരം ക്രിസ്തുവർഷം 1820-ാമാണ്ടിലായിരുന്നു. മരങ്ങളിൽ കെട്ടിപ്പിടിച്ചുനിന്ന, നിരായുധരായ, മുന്നൂറ്റുപത്തിമൂന്ന് ബിഷ്ണോയികളെ അന്ന് മരംവെട്ടുകാരുടെ കോടാലികൾ നിഷ്ഠുരം കശാപ്പുചെയ്തു.

മനുഷ്യവർഗത്തിന്റെ ചരിത്രത്തിൽ സ്വർണലിപികളിൽ രേഖപ്പെടുത്തേണ്ടതാണ് ഈ ആത്മാഹുതിയുടെ ചരിത്രം. വൃക്ഷപ്രേമികൾക്ക് അതു് എന്നും ആവേശജനകമായിരിക്കും.

'ബിഷ്ണോയി' എന്ന വൈഷ്ണവമതസമ്പ്രദായത്തിന്റെ സ്ഥാപകൻ